പോളിസി നിഷ്കർഷിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ചെയ്യ കൊടുക്കുന്നതാണ്. ഈ പദ്ധതി ബിൽഡ്-ഓൺ-ഓപ്പറേറ്റ് ട്രാൻസ്ഫർ (BOOT) മാതൃകയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വീടുകളിൽ സൗരോർജ്ജ വൈദ്യുതി

54 (394) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും നൽകുന്ന സബ്സിഡികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വീടുകളിൽനിന്നുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുവരുന്നു. ഇതിലൂടെ 10 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy Systems" എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉപഭോക്താവിന്റെ ആവശ്യത്തിൽ കവിഞ്ഞ ഉല്പാദനമുള്ള സമയങ്ങളിൽ അധിക വൈദ്യുതി ലൈനിലേയ്ക്ക് പ്രസരിപ്പിക്കുന്നതിനും ഉല്പാദനം കുറഞ്ഞതോ, ഇല്ലാത്തതോ ആയ സന്ദർഭങ്ങളിൽ പകരം വൈദ്യുതി ലൈനിൽ നിന്നും തിരികെ സ്വീകരിക്കാനും മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നു. സൗരോർജ്ജ പ്ലാന്റുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഉടമയായ വൈദ്യുത ഉപഭോക്താവ് ഏത് നിരക്കിലാണോ വൈദ്യുതി ഉപയോഗിക്കുന്നത് അതേ നിരക്കിലായിരിക്കും ലഭിക്കുക. തന്മൂലം ഉപഭോക്താവിന് വൈദ്യുതി ബിൽ ഇളവ് ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ വൈദ്യുതി ലൈനിൽ ബന്ധിപ്പിക്കാതെ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് ഒരു യൂണിറ്റിന് ഒരു രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന ആനുകൂല്യം വൈദ്യുത ലൈസൻസികൾ നൽകേണ്ടതാണെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) അനെർട്ട് വഴി നടപ്പിലാക്കുന്ന റൂഫ് ടോപ്പ് സൗരോർജ്ജ പദ്ധതിയിൽ ഒരു കിലോവാട്ടിന്റെ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ വിഹിതമായി 53,262-രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 39,000-രൂപയും സബ്സിഡി നൽകിവരുന്നു.

കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി ഉപയോഗം

55 (395) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുന്നൂറിലധികം ഫാക്ടറികൾ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട് ? ലൊക്കേഷൻ, ഹൈടെൻഷൻ ഗാർഹികം എന്നിവ തരം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഓരോ കമ്പനികളും ഓരോ മാസവും ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് പ്രത്യേകം പറയാമോ ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതിചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികൾ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) കുടിശ്ശിക നാളിതുവരെ തിരിച്ചുപിടിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ ; തിരിച്ചുപിടിച്ചില്ലെങ്കിൽ എന്തുകൊണ്ട് ; എത്ര കുടിശ്ശിക പിരിയ്ക്കാനുണ്ട് ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ-സി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ - 120

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly